

# അലങ്കാര ഇലച്ചെടികൾ

## സുരേഷ് മുതുകുളം

പുഷ്പാലങ്കാരങ്ങളിലും ബൊക്കേകളിലും അവിഭാജ്യഘടകമാണ് അലങ്കാര ഇലകൾ. ഇവയ്ക്ക് കട്ട് ഫോളിയേജസ് അഥവാ 'വെട്ടിലകൾ' എന്നുപറയുന്നു. നാട്ടിലും മറുനാട്ടിലും അലങ്കാര ഇലച്ചെടികൾക്കും ഇലകൾക്കും ഉപയോഗവും വിപണിയും അനുദിനം വർധിക്കുന്നു. കേരളത്തിലെ സവിശേഷ കാലാവസ്ഥാ സാഹചര്യത്തിൽ വളർത്താനും വിപണനം ചെയ്യാനും കഴിയുന്ന വിവിധ ഇലച്ചെടികളുടെ വളർത്തൽ, പരിപാലനം, പരിചരണം, വംശവർധന, ഫസ്റ്റ്എയിഡ് തുടങ്ങിയവ ഉൾപ്പെടുത്തിയ പ്രഥമ മലയാളകൃതിയുടെ മൂന്നാം പതിപ്പ്.

സിൽ : 3304 വില : 70 രൂപ

ISBN 978-81-7638-643-2

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

അലങ്കാര ഇലച്ചെടികൾ സുരേഷ് മുതുകുളം



# അലങ്കാര ഇലച്ചെടികൾ

## സുരേഷ് മുതുകുളം

1876

25

College Of Avian Sciences & Management
LIBRARY
Thiruvazhamkunnu-679 601

College Of Avian Sciences & Management
LIBRARY
Thiruvazhamkunnu-679 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1876 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

*Malayalam*
**ALANGARA ILACHEDIKAL**
**(Ornamental Foliages)**
*by*
**Suresh Muthukulam**

*First Published* : March 2005
*Third Edition :* May 2014

*Reset at*
SIL - DTP
Thiruvananthapuram-3

*Printed at*
Vijnanamudranam Press, Nalanda
Thiruvananthapuram - 695 003

*Published by*
The State Institute of Languages
Nalanda, Thiruvananthapuram - 695 003

© State Institute of Languages, Kerala - 2005

*Copies : 1000*

**Price : Rs. 70/-**

ISBN 81-7638- 643-2

---

*Published under the centrally sponsored scheme for production of text books and literature in regional languages, at the University level, of the Government of India, Ministry of Human Resource Development (Department of Culture), New Delhi.*

---

SIL / 3304

# അലങ്കാര ഇലച്ചെടികൾ

സുരേഷ് മുതുകുളം

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

## സുരേഷ് മുതുകുളം

കേരള കാർഷിക സർവകലാശാലയിൽ നിന്ന് 1982 ൽ കൃഷിശാസ്ത്രത്തിൽ ബിരുദവും 2004-ൽ ഒന്നാം റാങ്കോടെ ബിരുദാനന്തരബിരുദവും നേടി. പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ഡിപ്ലോമ. കൃഷിശാസ്ത്രപുസ്തകങ്ങൾ, നോവലുകൾ, ബാലകഥകൾ എന്നിവ പ്രസിദ്ധീകരിച്ചു. കൃഷിശാസ്ത്ര രചനയ്ക്ക് സംസ്ഥാനസർക്കാർ പുരസ്കാരം ഉൾപ്പെടെ വിവിധ അവാർഡുകൾ ലഭിച്ചു. ഇപ്പോൾ കൃഷിവകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ. ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ കൃഷിവകുപ്പിന്റെ മുഖപത്രമായ 'കേരളകർഷകൻ' മാസികയുടെ പത്രാധിപരായി സേവനമനുഷ്ഠിക്കുന്നു.


**വിലാസം:**

**സരയു**
**ബാപ്പുജിനഗർ**
**മെഡിക്കൽ കോളേജ് പോസ്റ്റ്**
**തിരുവനന്തപുരം - 695011**
**ഫോൺ : 9446306909.**



*ജനറൽ എഡിറ്റർ*
ഡോ. എം. ആർ. തമ്പാൻ

*എഡിറ്റർ*
ഡോ. ബി. സുഗീത

*കവർ ഡിസൈൻ*
റോയ് ഉമ്മൻ

*General Editor*
Dr. M.R. Thampan

*Editor*
Dr. B. Sugeetha

*Cover design*
Roy Oommen


## ആമുഖം

കേരളത്തിന് ഹരിതകാന്തി പകരുന്നതിൽ ഇലച്ചെടികൾക്കുള്ള പങ്ക് ശ്രദ്ധേയമാണ്. ഇവയുടെ ഇലകളുടെ ആകൃതിയും വിവിധങ്ങളായ സവിശേഷതകളും എക്കാലവും നമ്മെ ആകർഷിച്ചിരുന്നു. പണ്ടുമുതൽ തന്നെ പനവർഗങ്ങളും പന്നൽച്ചെടികളുമൊക്കെ നമ്മുടെ ഗൃഹാന്തർഭാഗങ്ങളിലും ഗൃഹപരിസരത്തുമൊക്കെ നാം നട്ടുപിടിപ്പിച്ചിരുന്നു. ഇവയുടെ സ്ഥാനം ഇന്ന് അലങ്കാര ഇലച്ചെടികൾ കൈയടക്കി. അലങ്കാരത്തിനായ് പുഷ്പങ്ങളോടൊപ്പം ഇലകൾക്കും പ്രാധാന്യം വർധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അലങ്കാര ഇലച്ചെടികളുടെ വിപണന സാധ്യതയും ഏറിവരുന്നു. ഇത്തരം ഇലച്ചെടികൾ കൃഷിചെയ്യുന്നവർക്കുവേണ്ടി സമഗ്രമായാണ് ഈ പുസ്തകം തയാറാക്കിയിരിക്കുന്നത്. കേരളത്തിലെ കാലാവസ്ഥയിൽ വളരുന്ന സ്വദേശീയവും വിദേശീയവുമായ മുപ്പതിലധികം ഇലച്ചെടികളുടെ കൃഷിരീതിയും പ്രത്യേകതകളുമൊക്കെ ഇതിൽ വിവരിക്കുന്നു. എല്ലാ മലയാളികൾക്കും വേണ്ടി സാഭിമാനം........

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
മേയ് 2014

**ഡോ.എം.ആർ. തമ്പാൻ**
**ഡോ.ബി. സുഗീത**

പ്രാധാന്യം കൈവന്നിരിക്കുന്നു. പൂക്കൾപോലെ വേഗത്തിൽ കേടുവന്ന് നശിക്കുന്നവയല്ല ഇലകൾ; ആവശ്യാനുസരണം മുറിച്ചെടുത്ത് വിപണനം നടത്തിയാൽ മതി. പൂച്ചെടികളെ അപേക്ഷിച്ച് വളരെകുറച്ചു പരിചരണവും മതി. ഇങ്ങനെ നോക്കിയാൽ കേരളത്തിലെ സവിശേഷ കാലാവസ്ഥാ സാഹചര്യത്തിൽ ഏറെ വികസനസാധ്യതകളുള്ള ഒരു പ്രവർത്തനമേഖല യായി അലങ്കാരച്ചെടിവളർത്തൽ മാറും എന്നകാര്യത്തിൽ സംശയമില്ല.

നമ്മുടെ രാജ്യത്ത് 'അലങ്കാര ഇലച്ചെടികൾ' എന്ന ആശയം പ്രായേണ പുതിയതെങ്കിലും ഗൃഹപരിസരവും ഗൃഹാന്തർഭാഗങ്ങളും അലങ്കരിക്കാൻ പനവർഗങ്ങളും പന്നൽച്ചെടികളും (ഫേൺസ്) വളർത്തി യിരുന്ന പ്രവണതയ്ക്ക് വിക്ടോറിയൻ കാലഘട്ടത്തോളം പഴക്കമുണ്ട്. ഇലച്ചെടികൾ വളർത്താനൊരുങ്ങുമ്പോൾ ഇലകളുടെ രൂപം, വലിപ്പം, കനം, നിറം എന്നീ ഘടകങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. ക്ലോറോ ഫൈറ്റത്തിന്റേതുപോലെ വാൾരൂപമുള്ള ഇലകളോ, ഫാറ്റ്ഷെഡ്രയുടേതു പോലെ ചെവിക്കുടയോട് സാമ്യമുള്ള ഇലകളോ, മരാന്തയുടെ ഇല കൾപോലെ മുട്ടയുടെ ആകൃതിയുള്ളതോ സാക്സിഫ്രാഗയുടേതുപോലെ വൃത്താകാരമുള്ള ഇലകളോ ഫാറ്റ്സിയയുടെ ഇലകൾപോലെ വലുതും തിളക്കമുള്ളതും ഫിറ്റോണിയയുടേതുപോലെ ചെറുതും മൃദുവും-ഇങ്ങനെ നിരവധി വൈവിധ്യസ്വഭാവമുള്ള ഇലച്ചെടികളുണ്ട്.

നിറങ്ങളുടെ സമ്മേളനത്തിലും വേണം തികഞ്ഞ വൈവിധ്യം. ഇല ച്ചെടികളെല്ലാം പച്ചയാണ് എന്നർഥമില്ല. ഇലകൾക്ക് ആകർഷകമായ വ്യത്യസ്ത നിറങ്ങളും അവയുടെ ഷെയിഡുകളുമുണ്ട്. ഒന്നിലധികം ചെടി കൾ ഒരേ സ്ഥലത്ത് ക്രമമായി അലങ്കരിക്കുകയാണെങ്കിൽ അവയുടെ ഉയരംകൂടി പരിഗണിക്കുന്നതിൽ തെറ്റില്ല. ഉയരത്തിൽ വളർത്താൻ പടർന്നുകയറുന്ന സ്വഭാവമുള്ള സിസസ്, ഫിലോഡെൻഡ്രൺ തുടങ്ങി യവ നല്ലതാണ്. പൈലിയ, പെപ്പറോമിയ, ഹിപ്പോയിസ്റ്റസ്, മരാന്ത തുട ങ്ങിയവ ഇടത്തരം ഉയരത്തിനുയോജിക്കും. പടർന്നുകയറുന്ന ചെടിക ളിൽ മനോഹരിയാണ് 'ഫൈക്കസ് പ്യൂമില'. ഇങ്ങനെ ചെടിയുടെ വളർച്ചാ രീതിക്കുപുറമെ ഇലയുടെ നിറം, കനം, രൂപം എന്നിവകൂടി കണക്കിലെടു ത്തുവേണം അലങ്കാരച്ചെടികൾ തിരഞ്ഞെടുക്കാനും വളർത്താനും തോട്ട ത്തിൽ അവയ്ക്ക് സ്ഥാനംനൽകാനും. മാത്രവുമല്ല, അനതിവിദൂരഭാവി യിൽ അലങ്കാര ഇലച്ചെടികളുടെ ലോകം കൂടുതൽ വിസ്തൃതവും വാണിജ്യപ്രാധാന്യമുള്ളതായും മാറും എന്നുസൂചനകളുണ്ട്.

**സുരേഷ് മുതുകുളം**

## ഉള്ളടക്കം


| | |
|---|---|
| അലൊക്കേഷ്യ | 1 |
| അഗ്ലോനിമ | 3 |
| അസ്പരാഗസ് | 5 |
| മോൺസ്റ്റിറ | 7 |
| ബിഗോണിയ | 9 |
| കലേത്തിയ | 12 |
| കലേഡിയം | 15 |
| ചിലന്തിച്ചെടി | 17 |
| ക്രോട്ടൺസ് | 20 |
| കോളിയസ് | 23 |
| കുടച്ചെടി | 26 |
| ഡിഫൻബാക്കിയ | 28 |
| ടിനാന്തേ | 30 |
| ഡ്രസീന | 31 |
| ഫൈക്കസ് (ആൽക്കൂട്ടം) | 34 |
| ഫിറ്റോണിയ | 37 |
| വെൽവെറ്റ് ചെടി | 39 |
| ഹിപ്പോയിസ്റ്റസ് | 41 |
| മരാന്ത | 43 |
| പെപ്പറോമിയ | 45 |
| സുന്ദരി 'ഫിലോ' | 48 |
| സാൻസിവീരിയ (അമ്മായിയമ്മ നാക്ക്) | 51 |
| സാക്സിഫ്രാഗ | 53 |
| ട്രഡസ്കാൻഷ്യ | 55 |

| | |
|---|---|
| സെറ്റ്ക്രീസിയ | 57 |
| സെബ്രീന | 58 |
| പന്നൽ സുന്ദരിമാർ | 60 |
| അലങ്കാരപ്പനകൾ | 69 |
| സരസസസ്യങ്ങൾ | 75 |
| ബ്രൊമെലിയാഡുകൾ (കൈതച്ചക്കയുടെ കുടുംബക്കാർ) | 81 |
| കള്ളിച്ചെടികൾ | 86 |
| ഇലച്ചെടികൾക്ക് ഫസ്റ്റ്എയിഡ് | 92 |
| വംശവർധന | 95 |
| ഇലച്ചെടികളുടെ പരിചരണം | 98 |
| അനുബന്ധം 1 | 107 |
| അനുബന്ധം 2 | 109 |


# അലൊക്കേഷ്യ

ധാരാളം സ്പീഷിസുകളും അതിലേറെ സങ്കരയിനങ്ങളും സമൃദ്ധമായുള്ള ഒരു അലങ്കാര ഇലച്ചെടിയാണ് അലൊക്കേഷ്യ. 'അരേസി' ആണ് സസ്യകുലം. അത്യാകർഷകമാണ് ഇതിന്റെ ഇലകൾ. നനവുംനീർവാർച്ചയുമുള്ള മാധ്യമമാണ് അലൊക്കേഷ്യയ്ക്കു വളരാൻ ഇഷ്ടം. ഭാഗികമായ തണലും നിർബന്ധമാണ്. സാധാരണ ഇലച്ചെടികൾക്കുവേണ്ടി തയാറാക്കുന്നതുപോലുള്ള പോട്ടിങ് മിശ്രിതത്തിൽ വിത്തുപാകിയോ, കന്നുകൾ ഇളക്കി നട്ടോ ചെടി വളർത്താം. മാതൃസസ്യത്തിന്റെ ചുവട്ടിൽ സുലഭമായി വളരുന്ന ചെറുചെടികൾ (കന്നുകൾ) ഇളക്കി നടുകയാണ് എളുപ്പം.

അലൊക്കേഷ്യയുടെ നിരവധി ഇനങ്ങൾ അലങ്കാരത്തിനു വേണ്ടി വളർത്താറുണ്ട്. ഇവയിൽ പ്രധാനപ്പെട്ട ചിലത് പരിചയപ്പെടാം.

- അലൊക്കേഷ്യ അർഗൈറിയ – നേരിയതോതിൽ രോമാവൃതമായ ഇലകളിൽ തവിട്ടു വരകൾ.
- അലൊക്കേഷ്യ ആമസോണിക്ക – കടുത്ത പച്ചനിറമുള്ള ഇലകൾ; വെളുത്ത ഇലഞരമ്പുകൾ.
- അലൊക്കേഷ്യ ലോവി 'ഗ്രാൻഡിസ്' – കടുത്ത നീല കലർന്ന പച്ച പ്രതലവും വെള്ളിഞരമ്പുകളും തവിട്ടുനിറമുള്ള അരികും ഉള്ള ഇലകൾ; ഇലയുടെ അടിഭാഗം പർപ്പിൾ നിറം.
- അലൊക്കേഷ്യ സാൻഡെറിയാന – വെള്ളിയും പച്ചയും കലർന്ന നിറമുള്ള ഇലകൾ; വെള്ള ഇലഞരമ്പുകൾ.
- അലൊക്കേഷ്യ സെബ്രിന – തുകൽ പോലെ കനമുള്ള വലിയ പച്ചിലകൾ; സീബ്രയുടെ പുറത്തേതു പോലുള്ള വരകൾ.
- അലൊക്കേഷ്യ 'ഹൈറലോ ബ്യൂട്ടി' – ചെറിയ ചെടി; നീലയും കറുപ്പും നിറം കലർന്ന തണ്ടും കനംകുറഞ്ഞ ഇലകളും. ഇലകൾക്ക്